# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 27/2659/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 27/2659/2023 തീയ്യതി: 22/12/2023

## മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2022 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 29-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 29-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നസ്സീർ ടി.കെ. -ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി.ടി.-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി എം.-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ശംസിയ കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ഷീബ പി. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഇസ്മയിൽ കെ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി. ആർ. എസ് | സെക്രട്ടറി | 01-04-2022 | 11-10-2022 |
| ശ്രീമതി. അനിത കെ.ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-10-2022 | 17-10-2022 |
| ശ്രീമതി. സൽമാ ബീവി പി.എസ് | സെക്രട്ടറി | 18-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനിത കെ.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-10-2022 |
| ശ്രീമതി. ചന്ദ്രലേഖ പി | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |
| ഡോ. ശുഭ പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ. ബിബിൻ തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഇർഫാന കെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഐശ്വര്യ ലക്ഷ്മൺ | വെറ്ററിനറി സർജൻ | 01-04-2022 | 11-04-2022 |
| ഡോ. വിമൽ റോയ് കെ. | വെറ്ററിനറി സർജൻ | 12-04-2022 | 22-06-2022 |
| ശ്രീമതി. ശ്രീകല കെ. | വെറ്ററിനറി സർജൻ ഇൻ ചാർജ്ജ് | 23-06-2022 | 31-03-2023 |
| ഡോ. സജിനി | മെഡിക്കൽ ഓഫീസർ (PHC) | 01-04-2022 | 31-03-2023 |
| ശ്രീ. ഷാഫി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. സന്തോഷ് പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 18-09-2022 |
| ശ്രീ. അബ്ദുൽ റഹ്മഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-09-2022 | 31-03-2023 |
| ശ്രീമതി. പത്മാവതി. എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ ഷുക്കൂർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | സ്ഥിര നിക്ഷേപം-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വരവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്, ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ്, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ചെലവുകൾ യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം. | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി രൂപീകരണം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | MGNREGS -അവലോകനം | 1-6-1 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന. | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 23 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 24 | ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചു | 1-13 |
| 25 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 26 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അധിക തുക അനുവദിച്ചു | 1-15 |
| 27 | തുടർ വിദ്യാഭ്യാസ പദ്ധതി-തുടർവിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 28 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-17 |
| 29 | അങ്കണവാടികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ | 1-18 |
| 30 | പഞ്ചായത്തിലെ സ്കൂളുകളിൽ പത്രം വിതരണം ചെയ്യൽ–രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 31 | വിഇഒയുടെ ഫണ്ട് വിനിയോഗം-അവലോകനം | 1-20 |
| 32 | വീട് വാസയോഗ്യമാക്കൽ–രേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 33 | റിംഗ് കമ്പോസ്റ്റ് വിതരണം-അപാകതകൾ | 1-22 |
| 34 | ലൈഫ് ഭവന പദ്ധതി -അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-23 |
| 35 | എംസിഎഫ് കെട്ടിടം - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല. | 1-24 |
| 36 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-25 |
| 37 | എൽ.പി.യു.പി തലത്തിലുള്ള വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷി വികസനം-അപാകത | 1-26 |

| | | |
|---|---|---|
| 38 | വിദ്യാഭ്യാസ മുന്നേറ്റ പരിപാടി- പ്രൊജക്റ്റ് ഇരട്ടിപ്പ് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - പദ്ധതിയിലെ അപാകതകൾ | 1-28 |
| 40 | വാഹന വാടക-ഇൻകം ടാക്സ് TDS ചെയ്തിട്ടില്ല | 1-29 |
| 41 | റെക്കോർഡ് റൂം സജ്ജീകരണവും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും പ്രൊജക്റ്റ് -അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 42 | ഹൈമാസ്റ്റ്,മിനിമാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ -അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-31 |
| 43 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-32 |
| 44 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-32-1 |
| 45 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-32-2 |
| 46 | എസ്.എസ്.കെ വിഹിതം അടവാക്കൽ– രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-33 |
| 47 | ഫെസ്റ്റിവൽ അഡ്വാൻസ് -തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 48 | മരമാത്ത് -അവലോകനം | 1-35 |
| 49 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കിയിട്ടില്ല | 1-36 |
| 50 | ഡ്രൈനേജ് നിർമ്മാണം -അപാകതകൾ | 1-37 |
| 51 | കുളം നവീകരണം -പൊളിച്ചെടുത്ത കരിങ്കൽ ഉപയോഗിച്ചിട്ടില്ല | 1-38 |
| 52 | അങ്കണവാടി ഷീറ്റ് മേയൽ -അധിക നിരക്ക് അനുവദിച്ചു | 1-39 |
| 53 | ഡ്രൈനേജ് വർക്ക് -മണ്ണ് നീക്കം ചെയ്യാൻ അധിക നിരക്ക് അനുവദിച്ചു | 1-40 |
| 54 | കെട്ടിട നിർമ്മാണം ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-41 |
| 55 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.07.2023ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.10.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 23-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2023-24 വാർഷിക കണക്ക് സമർപ്പിക്കുമ്പോൾ ഇവ ഉൾക്കൊള്ളിക്കുമെന്ന് മറുപടി ലഭ്യമാക്കി.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/28.11.2023) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദേശം നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

### 1-1-3 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള

പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

### 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 12543015/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 9709741/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/28.11.2023) വാർഷിക കണക്കിൽ വന്ന അപാകതകൾ 2023-24 വാർഷിക കണക്ക് സമർപ്പിക്കുമ്പോൾ ക്രമീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി.

### 1-1-5 സ്ഥിര നിക്ഷേപം-വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല

വർഷാന്ത്യത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപമായി ഷെഡ്യൂൾ B-12 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത് 3362088/- രൂപയാണ്. 2021-22 വാർഷിക കണക്ക് പ്രകാരം സ്ഥിര നിക്ഷേപമായി നീക്കിയിരിപ്പ് 2936594/- രൂപയാണ്. ഷെഡ്യൂൾ I-7 പ്രകാരം 2,35,346 രൂപയാണ് തൻ വർഷത്തിൽ പലിശയിനത്തിൽ വരവ് വന്നിട്ടുള്ളത്. ആയത് പ്രകാരം വർഷാന്ത്യത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം 3171940 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/28.11.2023) ബാങ്ക് ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം നീക്കിയിരിപ്പ് 3362088/- രൂപയാണ് എന്നും വാർഷിക കണക്കിൽ വന്ന അപാകതകൾ 2023-24 വാർഷിക കണക്ക് സമർപ്പിക്കുമ്പോൾ ക്രമീകരിക്കുമെന്നും മറുപടി ലഭ്യമാക്കി.

### 1-1-6 വരവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തില്ല

വാർഷിക കണക്ക് പ്രകാരം MGNREGS ഭരണച്ചെലവ് ഇനത്തിൽ മുൻബാക്കി 4249/- രൂപയും ഷെഡ്യൂൾ RP-30 പ്രകാരം വരവ് 910670 രൂപയും ആണ്. ആയത് പ്രകാരം ആകെ വരവ് 914919/- ആണ്. എന്നാൽ നീക്കിയിരിപ്പ് 917035 /-രൂപയാണ് (നീക്കിയിരിപ്പ് വരവിനേക്കാൾ അധികരിക്കുന്നു). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/28.11.2023) MGNREGS ഹെഡിൽ ബുക്ക് ചെയ്യേണ്ടിയിരുന്ന 2706/-രൂപ Interest From Bank Account എന്ന ഹെഡിൽ ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണമെന്ന് മറുപടി ലഭ്യമാക്കി. വരവ് ചെലവുകൾ യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്യേണ്ടതാണ്.

### 1-1-7 റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്, ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക എന്നിവ തമ്മിൽ പൊരുത്തപെടുന്നില്ല

ചുവടെ ചേർത്ത അക്കൗണ്ടിൽ ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

| ബാങ്ക് അക്കൗണ്ട് | 31.03.2023 ന് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 31.03.2023 ലെ നീക്കിയിരിപ്പ് (റീകൺസിലിയേഷൻ പത്രിക/ AFS എന്നിവ പ്രകാരം) | വ്യത്യാസം |
|---|---|---|---|
| Sbi Paica | 40696 | 40150 | 546 |

### 1-1-8 രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

പെർമിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയിൽ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-9 ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ്, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപെടുന്നില്ല

ചുവടെ ചേർത്ത ഇനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഹെഡ്കോഡ് | ഇനം | ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 310900101 | Excess Of Income Over Expenditure | 11117925.37 | 23915042.37 (ഷെഡ്യൂൾ B-1) |

## 1-1-10 ചെലവുകൾ യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തില്ല

1. പ്രോജക്ട് നമ്പർ 85/23, 202/23, 200/23 എന്നീ പ്രോജക്ടുകളിലായി ത്രീ-ഫെയ്സ് ലൈൻ വലിക്കാൻ യഥാക്രമം 441335, 149022, 49743 രൂപ KSEBയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് Advance To Implementing Agencies-Deposit With KSEB എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. (പ്രസ്തുത ഹെഡിൽ ലെഡ്ജർ പ്രകാരം 3384075 രൂപ മുന്നിരിപ്പ് ഉണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.) 49147/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ അതിനനുസൃതമായ മാറ്റം വരുത്തിയിട്ടില്ല.
2. പ്രോജക്ട് നമ്പർ 77/23 പ്രകാരം 188853രൂപ GWDയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് Advance To Implementing Agencies-Deposit With GWD എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ ആയത് പ്രതിഫലിച്ചിട്ടില്ല.
3. പ്രോജക്ട് നമ്പർ 328/23 പ്രകാരം 506000രൂപ ANERTൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ ആയത് പ്രതിഫലിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1) , 24.03.2022 | പുതുക്കിയിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 44428163 |
| വരവ് | 161775397 |
| ആകെ | 206203560 |
| ചെലവ് | 152065656 |
| നീക്കിയിരിപ്പ് | 54137904 |

കുറിപ്പ്-വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേമെന്റ് പത്രികയിലെ തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20694067 | 20694067 | 20635676 | 58391 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4428646 | 4428646 | 4169976 | 258670 |
| വികസന ഫണ്ട് (ടി.സി.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5926000 | 5926000 | 3737881 | 2188119 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 6321000 | 6321000 | 4164342 | 2156658 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 10163153 | 10163153 | 2497755 | 7665398 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3939000 | 3939000 | 3572502 | 366498 |

കുറിപ്പ്- വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, AFS എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 20635676 | 22386609 | 22586609 |
| വികസന ഫണ്ട്-SCP | 4169976 | 4826330 | 4826330 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2497755 | 2285755 | 2357755 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4164342 | 3951196 | 3951196 |

## 1-5 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 279 | 132898573 | 180 | 62302431 | 99 | 64.51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4249 | 913376 | 917625 | 590 | 917035 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11361105 | 11361105 | 11361105 | 0 |

കുറിപ്പ്-വാർഷിക കണക്ക് പ്രകാരം NREGS ഭരണച്ചെലവ് ഇനത്തിൽ മുൻബാക്കി 4249/- രൂപയും ഷെഡ്യൂൾ RP-30 പ്രകാരം വരവ് 910670 രൂപയും ആണ്. ആയത് പ്രകാരം ആകെ വരവ് 914919/- ആണ്. എന്നാൽ നീക്കിയിരിപ്പ് 917035 /-രൂപയാണ് (നീക്കിയിരിപ്പ് വരവിനേക്കാൾ അധികരിക്കുന്നു). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/28.11.2023) MGNREGS ഹെഡിൽ ബുക്ക് ചെയ്യേണ്ടിയിരുന്ന 2706/-രൂപ Interest From Bank Account എന്ന ഹെഡിൽ ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണമെന്ന് മറുപടി ലഭ്യമാക്കി. Interest From Bank Account എന്ന ഹെഡിൽ ഉൾപ്പെട്ട 2706 രൂപ ഉൾപ്പെടെയുള്ള തുകയാണ് വരവ് ആയി പട്ടികയിൽ ചേർത്തിട്ടുള്ളത്.

### 1-6-1 MGNREGS -അവലോകനം

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2996 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2996 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 140 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 22068733 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 99 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 21 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 14 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 13008874 |
| 9 | തൻവർഷത്തെ ചെലവ് | 12091839 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 782 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 782 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 225 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 14 |
| 17 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 0 |

2022-23വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 14പ്രവർത്തികൾ തൊഴിലുറപ്പുപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം | ചെലവ് തുക |
|---|---|---|
| റോഡ് | 9 | 1878266 |
| കോഴിക്കൂട് | 1 | 7613 |
| ആട്ടിൻകൂട് | 0 | 0 |
| തൊഴുത്ത് | 1 | 48079 |
| കയർ ഭൂവസ്ത്രം | 0 | 0 |
| മറ്റുള്ളവ | 3 | 588881 |
| ആകെ | 14 | 2522839 |

രജിസ്റ്റർ ചെയ്ത എല്ലാ ഗുണഭോക്താക്കൾക്കും 100 ദിവസം ലഭ്യമാക്കത്തക്ക രീതിയിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3512000 | 236 |
| വിധവാ പെൻഷൻ | 15758000 | 1158 |
| വാർദ്ധക്യകാല പെൻഷൻ | 24639000 | 2014 |
| വികലാംഗ പെൻഷൻ | 6079400 | 455 |
| വിവാഹ ധന സഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 345600 | 28 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023ന് 2.40pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 650രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1.9.22 മുതൽ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.കാഷ്ബുക്ക് വി ഇ ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2 ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്ററുകൾ ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3 ഗ്രാമ പഞ്ചായത്തിലെ എംസിഎഫ് കെട്ടിടം അപകടകരമായ അവസ്ഥയിലായതിനാൽ പുനരുദ്ധാരണത്തിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2022 | നവംബർ 2022 | 22.12.2022 |
| എ.ജി ഓഡിറ്റ് | 15.9.2006 | 2005-06 | 13.11.2006 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും

തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതി മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 22 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**2) വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 20.05.2023ന് പരസ്യപ്പെടുത്തുകയും 31.07.2023ന് ഭരണസമിതി യോഗത്തിലെ 3(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം 17.08.2023ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3).മേഖലാ തരംതിരിവ്, റോഡുകളുടെ വർഗീകരണം എന്നിവ 2011ലേത് പോലെ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1081 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. ആയത് പൂർത്തീകരിച്ചിട്ടില്ല. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ആയതിന് അപേക്ഷ ക്ഷണിച്ച് 27.11.2023ന് അഭിമുഖം നടത്തിയിട്ടുണ്ട്. ഫീൽഡ് വെരിഫിക്കേഷൻ ആരംഭിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**3)സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ

ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| **സേവനം** | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**4)തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല. റേഷൻ കടകൾക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**5)ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 217650/- രൂപയാണ് D & O ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത് (157650 Current Year Collection, 60000 Advance Collection). ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**6) വാടക**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിൽ 141866 രൂപ തൻവർഷം വരവ് ഉണ്ട് (Arrear Collection 50,902/-, Current Collection 90,964/-). വാടക ഇനത്തിൽ തൻവർഷം ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്ത് വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ (വിനിയോഗ വിവരം ലഭ്യമാവാത്തവ )അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 81/16-നിലവിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും | 2015-16 | KSEB | 1301000 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 1301000 |
| 2 | സമ്പൂർണ്ണ വൈദ്യുതീകരണം | 2016-17 | KSEB | 300000 | തനത് ഫണ്ട് | U/c ലഭിച്ചിട്ടില്ല | 300000 |
| 3 | നിലവിലുള്ള തെരുവുവിളക്കുകൾക്ക് മീററർ സ്ഥാപിക്കൽ | 2016-17 | KSEB | 698400 | തനത് ഫണ്ട് | U/c ലഭിച്ചിട്ടില്ല | 698400 |
| 4 | പഞ്ചായത്ത് ഓഡിറ്റോറിയം റീവയറിംഗ് അനുബന്ധ പ്രവൃത്തികൾ | 2016-17 | PWDED | 479250 | തനത് ഫണ്ട് | U/c ലഭിച്ചിട്ടില്ല | 479250 |
| 5 | അംഗനവാടി വൈദ്യുതീകരണം | 2016-17 | PWDED | 225000 | തനത് ഫണ്ട് | U/c ലഭിച്ചിട്ടില്ല | 225000 |
| 6 | തുക്കലങ്ങോട് കുടിവെള്ളപദ്ധതി | 2016-17 | KWAD | 150000 | തനത് ഫണ്ട് | U/c ലഭിച്ചിട്ടില്ല | 150000 |
| 7 | പ്രൊജക്റ്റ് 187/18 എസ്.സി. കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2017-18 | KSEB | 40,15,000 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 40,15,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 2017-18 | KSEB | 387155 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 387155 |
| 9 | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 2017-18 | KSEB | 1088846 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 1088846 |
| 10 | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 2017-18 | KSEB | 292340 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 292340 |
| 11 | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 2017-18 | KSEB | 22997 | തനത് | U/c ലഭിച്ചിട്ടില്ല | 22997 |
| 12 | പ്രൊജക്ട് 225/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (എസ്.സി) | 2017-18 | KSEB | 785777 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 785777 |
| 13 | പ്രോജക്ട് നമ്പർ.46/18-19 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2018-19 | KSEB | 2806252 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 2806252 |
| 14 | പ്രോജക്ട് നമ്പർ.40/18-19 എസ്.സി. സ്ട്രീറ്റ് മെയിൻ വലിക്കൽ | 2018-19 | KSEB | 102057 | തനത് | U/c ലഭിച്ചിട്ടില്ല | 102057 |
| 15 | പ്രോജക്ട് നമ്പർ.47/18-19 സമഗ്ര കുടിവെള്ള പദ്ധതി | 2018-19 | KSEB | 175000 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 175000 |
| 16 | പ്രോജക്ട് നമ്പർ.161/18-19 ചീനിക്കൽ കടമ്പോട്ട് പടി കുഴൽ കിണർ ഹാൻഡ് പമ്പ് സ്ഥാപിക്കൽ | 2018-19 | KGWD | 27177 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 27177 |
| 17 | പ്രോജക്ട് നമ്പർ.141/20 നാറ്റുവെടി ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ത്രീ ഫേസ് ലൈൻ വലിക്കൽ | 2019-20 | KSEB | 131963 | പ്ലാൻ | U/c ലഭിച്ചിട്ടില്ല | 131963 |
| 18 | പ്രോജക്ട് നമ്പർ. 224/20-21(SO) | 2020-21 | KSEB | 20037 | തനത് | U/c ലഭിച്ചിട്ടില്ല | 20037 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മണക്കോട് ചാലിപ്പറമ്പ് ലൈൻ മാറ്റൽ | | | | | | |
| 23 | 266/23-സ്ടീറ്റ് മെയിൻ സ്ഥാപിക്കൽ | 2021-22 | KSEB | 279267 | CFC | U/c ലഭിച്ചിട്ടില്ല | 279267 |
| 23 | 113/23-കഴൽ കിണർ നിർമ്മാണം | 2021-22 | KGWD | 73411 | CFC | U/c ലഭിച്ചിട്ടില്ല | 73411 |
| | | | | | | | |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:2/22-23/23.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-13 ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചു

ശ്രീ. അബ്ദുറഹ്മാൻ മുതൽപ്പേർ പെർമിറ്റിനായി സമർപ്പിച്ച ചുവടെ ചേർത്ത അപേക്ഷ പരിശോധിച്ചു.

| | |
|---|---|
| അപേക്ഷകന്റെ പേര് | ശ്രീ. അബ്ദുറഹ്മാൻ,സമീറലി, മമ്മദ്, അലവിക്കുട്ടി പൂക്കാട്ട് ഹൗസ്, വള്ളുവമ്പ്രം |
| ഫയൽ നമ്പർ | A1-2460/2022 തീയതി- 23.9.2022 |
| സർവ്വെ നമ്പർ | 29/18-1 (2.22 ആർ), 29/4-2(0.47 ആർ), 29/4-3 (1.01 ആർ), 29/5-1(4.2 ആർ),29/6-1 (3.64 ആർ), 29/7 (4.2 ആർ) |
| താലൂക്ക് | ഏറനാട് |
| വില്ലേജ് | പൂക്കോട്ടൂർ |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യം |
| കെട്ടിടത്തിന്റെ വിസ്തീർണം | 740.42 ച.മീ. |
| പെർമിറ്റ് നമ്പർ /തീയതി | A1-BA(140719)/2023 / 19.04.2023 |

ഫയലിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

മേൽ സർവ്വെ നമ്പറുകളിൽ 29/18-1, 29/5-1, ,29/6-1, 29/7 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട നിലം ഭൂമിയുടെ തരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതിനിയമം-2018 പ്രകാരം തരംമാറ്റി ഉത്തരവായിട്ടുണ്ട്. എന്നാൽ 29/4-2, 29/4-3 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയുടെ തരം 19.09.2022ലെ KL10012709239/2022 നമ്പർ ഭൂനികുതി രസീത് പ്രകാരം നിലം ഗണത്തിൽ ആണ് ഉൾപ്പെടുന്നത്. പെർമിറ്റ് അപേക്ഷയിലും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാനുകളിൽ രേഖപ്പെടുത്തിയ പ്ലോട്ട് ഏരിയയിലും 29/4-2, 29/4-3 എന്നീ സർവ്വെ നമ്പറുകൾ ഉൾപ്പെടെയുള്ള സ്ഥലം ആണ് കാണിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും നൽകിയ കെട്ടിട നിർമാണ പെർമിറ്റിലും മേൽ സർവ്വെ നമ്പറുകളിൽ നിർമാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ചട്ടവിരുദ്ധമായി നിലം ഗണത്തിൽ പെടുന്ന ഭൂമിയിൽ നിർമാണ അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/27.11.2023) 29/18-1, 29/5-1, ,29/6-1, 29/7 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയിൽ മാത്രമാണ് നിർമാണം നടത്തുന്നതെന്നും അപേക്ഷയിൽ 29/4-2, 29/4-3 എന്നീ സർവ്വെ നമ്പറുകൾ ഉൾപ്പെടെയുള്ള സ്ഥലം തെറ്റായി രേഖപ്പെടുത്തിയതാണെന്നും ആയത് ശ്രദ്ധയിൽ പെടാതെ പോയതാണെന്നും ഇത് തിരുത്തുന്നതാണെന്നും നിർമാണം നടത്തുന്ന സർവ്വെ നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്തുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 29/4-2, 29/4-3 എന്നീ സർവ്വെ നമ്പറുകൾ ഉൾപ്പെട്ട സ്ഥലത്ത് യാതൊരു വിധ നിർമാണ പ്രവർത്തനങ്ങളും നടത്തുന്നില്ലെന്നും പാർക്കിങ്, ലോഡിങ്/ അൺലോഡിങ് സ്ഥലങ്ങളായി ഉപയോഗിക്കുന്നില്ലായെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. കെട്ടിട നിർമാണ അനുമതി നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപേക്ഷ കൃത്യമായി പരിശോധിക്കേണ്ടതും കെട്ടിട നിർമാണ ചട്ടങ്ങൾക്കനുസൃതമായി മാത്രം പെർമിറ്റ് അനുവദിക്കേണ്ടതുമാണ്. .

## 1-14 തൊഴിൽ നികുതി - അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ-ചട്ടം 4 പ്രകാരം ബിസിനസ്സ് നടത്തുക എന്ന ആവശ്യത്തിനായി ഒരു കമ്പനിക്കോ ആൾക്കോ ഒരു ആഫീസോ ഏജന്റോ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിൽ, ആ കമ്പനിയോ ആളോ, പഞ്ചായത്ത് പ്രദേശത്തിനകത്ത് ബിസിനസ്സ് നടത്തിവരുന്നതായി കരുതേണ്ടതും, അങ്ങനെയുള്ള ആഫീസിന്റെ ചാർജ്ജ് വഹിക്കുന്ന ആളോ, ഏജന്റോ, ഫേമോ ആ കമ്പനിയോ ആളോ നൽകേണ്ട നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥം ആയിരിക്കുന്നതുമാണ്. എന്നാൽ 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കുറിപ്പ് |
|---|---|---|
| 1 | Supplyco | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2 | KSEB വള്ളുവമ്പ്രം | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 3 | പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് പൂക്കോട്ടൂർ | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 4 | പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് അറവങ്കര | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് മാരിയാട് | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 6 | മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ് | രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 7 | TVS Mobility Ltd. | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 8 | ലിഖിത ഇൻഫ്രാസ്ട്രക്ചർ | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 9 | KVR Auto Mobiles | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 10 | AM Motors Cheenikkal | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 11 | Indus Motors | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 12 | PMR Petroleum | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 13 | Aiswarya പെട്രോളിയം വള്ളുവമ്പ്രം | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 14 | ആദിത്യ പെട്രോളിയം | 1,2 അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 15 | കള്ളിയത്ത് സെറാമിക്സ് | രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി, രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുകയോ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/24.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ

നികുതി ഈടാക്കി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 42/23 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ. |
| അടങ്കൽ തുക | 23,92,600/- രൂപ |
| ചെലവഴിച്ച തുക | 12,91,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>826200/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>2,75,400/- രൂപ (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ. |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 23,92,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/എൽ.എസ്.ജി.ഡി. തിയതി 28.05.2022 ഖണ്ഡിക 7.1.6 ബി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ ഫാമിൻ അമീൻ-D/O സൈഫുന്നിസ(A/c No:11660100266038 – IFS Code: FDRL0001166) എന്ന വിദ്യാർത്ഥിക്ക് 29,500/- രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 39/28.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 2215015203240065382/ 15.10.2022 | 14000/- |
| 2 | 2215015203240078247/ 16.11.2022 | 13500/- |
| 3 | 2215015203240117982/ 13.02.2023 | 1,000/- |
| 4 | 2215015203240138184/ 17.03.2023 | 1,000/- |
| ആകെ | | 29500/- |

അധികം നൽകിയ 1000/- രൂപ തിരകെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 തുടർ വിദ്യാഭ്യാസ പദ്ധതി-തുടർവിവരം ലഭ്യമാക്കേണ്ടതാണ്

1.പ്രൊ. നം. 52/23: തുടർ വിദ്യാഭ്യാസ പദ്ധതി
അടങ്കൽ-175400(തനത് ഫണ്ട്-100500, ഗുണഭോക്തൃ വിഹിതം-74900)
ചെലവ്-46800, ഗുണഭോക്തൃ വിഹിതം- Rs-13600
ബിൽ നം.77/19.09.2022 Rs-30800 ,224/28.01.23 Rs.16000
വൗച്ചർ നമ്പർ-22200857 Dtd 15/2/23 Rs-13600

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 16 വിദ്യാർത്ഥികളുടെ പത്താംതരം തുല്യതാ കോഴ്സ് ഫീസായി 29600 (16x1850) രൂപയും(16000+13600(ഗുണഭോക്തൃ വിഹിതം)), 28 വിദ്യാർത്ഥികളുടെ ഹയർ സെക്കന്ററി തുല്യതാ കോഴ്സ് ഫീസായി 30800 (28x1100) രൂപയും, ഡയറക്ടർ കേരളാ സംസ്ഥാന സാക്ഷരതാ മിഷൻ അതോരിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. പഠിതാക്കളുടെ ലിസ്റ്റ് മാത്രമാണ് ഫയലിലുള്ളത്. പഠിതാക്കൾ രജിസ്റ്റർ ചെയ്തതിന്റെയും പരീക്ഷ എഴുതിയവരുടേയും, യോഗ്യത നേടിയവരുടേയും വിവരം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും, 2019-2021 അഡ്മിഷൻ കാലയളവിലെ ഹയർ സെക്കന്ററി പഠിതാക്കളുടെ ഫീസ് 2022-23 കാലയളവിൽ അടവാക്കിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ-24/27-11-2023)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിനു കീഴിൽ ആകെ 37 അംഗനവാടികളാണുള്ളത്. ഇതിൽ 24 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പല അംഗനവാടികൾക്കും ചുറ്റു മതിലോ കുടിവെള്ള സൗകര്യമോ ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| സ്വന്തം കെട്ടിടം ഇല്ലാത്തവ | 13 |
| കുടിവെള്ള സൗകര്യമില്ലാത്തത് | 3 |

| | |
|---|---|
| ചുറ്റമതിൽ ഇല്ലാത്തവ | 14 |

ഒരു അംഗനവാടിക്ക് കെട്ടിടം പണി പൂർത്തിയായിട്ടുണ്ട് എന്നും കറന്റ് കണക്ഷനും കുടിവെള്ള സൗകര്യവും ലഭ്യമാക്കേണ്ടതുണ്ട് എന്നും, 6 അംഗനവാടികൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട് എന്നും ICDS സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 166 മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ പണി പൂർത്തിയായ അംഗനവാടി കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനും സ്ഥലം ലഭ്യമായവക്ക് കെട്ടിടം പണിയുന്നതിനും അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതും കുടിവെള്ള സൗകര്യവും , ചുറ്റമതിൽ ഇല്ലാത്ത അംഗനവാടികൾക്ക് ടി സൗകര്യങ്ങൾ എന്നിവ അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 അങ്കണവാടികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ

പ്രൊജക്റ്റ് - 136/23 **അംഗനവാടികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ** അടങ്കൽ- 495000/-

ചെലവ് - 494936/-(400000-വികസന ഫണ്ട്-ജനറൽ,94936-തനത് ഫണ്ട് )

1.22150152032400996318 Dtd 5/01/2023 Rs-373742
2.22150152032401126540 Dtd 2/02/2023 Rs-26258

3.വൗച്ചർ നം 22200849/ 14-02-2023 Rs-94936

മേൽ പ്രൊജക്റ്റ് പ്രകാരം അംഗനവാടികൾക്ക് ഫർണ്ണിച്ചറും പാത്രങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങിയ ഇനത്തിൽ ബിൽ നമ്പർ 42/30.01.23 പ്രകാരം 120594 രൂപയാണ് ചെലവു വന്നിട്ടുള്ളത്. എന്നാൽ 121194 രൂപ New Malabar Furniture ഒഴുരിന് നൽകിയിട്ടുണ്ട്. 600 രൂപ അധികമായി അനുവദിച്ചതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 25.11.2023 ലെ 1230102975 നമ്പർ രശീതി പ്രകാരം അധിക തുക 600/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പഞ്ചായത്തിലെ സ്കൂളുകളിൽ പത്രം വിതരണം ചെയ്യൽ-രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രൊ. നം. 282/23പഞ്ചായത്തിലെ സ്കൂളുകളുകളിൽ പത്രം വിതരണം ചെയ്യൽ.

അടങ്കൽ-80000(തനത് ഫണ്ട്) ചെലവ്-26725

ബിൽ നം.223/28.01.2023 RS.14725 241/03.02.2023 RS.12000

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പഞ്ചായത്തിലെ സ്കൂളുകളിൽ പത്രം വിതരണം ചെയ്യൽ എന്ന പദ്ധതി ഇനത്തിൽ 12000 രൂപ 18.2.2023 ന് ചന്ദ്രിക Daily And Periodicals ,മുണ്ടുപറമ്പ്,മലപ്പുറത്തിനും 14725 രൂപ 31.3.2023ന് മലയാള മനോരമ മലപ്പുറം യൂണിറ്റിനും നൽകിയിട്ടുണ്ട്. സ്കൂളുകൾക്ക് പത്രം ലഭിച്ചതിന്റെ രേഖകൾ (ഹെഡ് മാസ്റ്ററുടെ സാക്ഷ്യ പത്രം)പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/27.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ സ്കൂളിനും പത്രം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-20 വിഇഒയുടെ ഫണ്ട് വിനിയോഗം-അവലോകനം

2022-23 വർഷത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജെക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | 6066063 | 5746963 |
| വികസന ഫണ്ട് എസ് സി പി | 2847300 | 2130176 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3481762 | 244988 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1239125 | 831245 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 7280000 | 0 |
| തനത് ഫണ്ട് | 809972 | 115468 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5330900 | 3127660 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3960000 | 0 |
| മറ്റുള്ളവ | 9657047 | 110000 |
| ആകെ | 40672169 | 12306500 |

ആകെ അടങ്കൽ തുകയുടെ 30.25% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.23 പ്രൊജെക്ടുകൾ ആകെ തയ്യാറാക്കിയതിൽ 19 പ്രൊജക്ടുകളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.ആയതിൽ 11 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളാണ്. ഫണ്ട് കൃത്യമായി ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 14/25.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.പതിനാലാം പദ്ധതിയുടെ തുടക്കമായതിനാൽ പദ്ധതികൾക്ക് അംഗീകാരം ലഭിക്കാനും പദ്ധതി പ്രവർത്തനം തുടങ്ങാനും വൈകിയെന്നും ഫണ്ട് ലഭ്യമാകുവാൻ താമസം നേരിട്ടുവെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും വി.ഇ ഒ മറുപടി നൽകിയിട്ടുണ്ട്.ലഭ്യമായ ഫണ്ട് പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ-രേഖകൾ ഹാജരാക്കിയില്ല.

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന പ്രൊജെക്റ്റിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 64/വീട് വാസയോഗ്യമാക്കൽ ജനറൽ (So) |
| അടങ്കൽ | 2,70,000 വികസന ഫണ്ട് |
| ചെലവ്<br>BRN നമ്പർ | 2,70,000<br>22150152035400136909 /26.5.22 |

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 30,000 രൂപ വീതം വീട് വാസയോഗ്യമാക്കലിന് സഹായം നൽകിയിട്ടുണ്ട്

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് /മേൽവിലാസം | അനുവദിച്ച തുക |
|---|---|---|
| 1 | മമ്മദീശ ,ആനപ്പാറ, മുതിരപ്പറമ്പ് | 30,000 |
| 2 | സഫിയ ,പേരാപേപുറത്ത്,അറവങ്കര | 30,000 |
| 3 | സൈനബ,എടമരത്ത്,വള്ളുവമ്പ്രം | 30,000 |
| 4 | പാത്തുമ്മ പി പി , ബങ്കാളത്ത്, വള്ളുവമ്പ്രം | 30,000 |
| 5 | ആസ്യ എം ടി പുന്നക്കോട് പുല്ലാര | 30,000 |
| 6 | റസിയ പി , മന്നത്തൊടി വീട് , വള്ളുവമ്പ്രം | 30,000 |
| 7 | അലവി,കാവുങ്ങൽ,വള്ളുവമ്പ്രം | 30,000 |
| 8 | മുഹമ്മദ്കുട്ടി യു, ചെറുവഞ്ചേരി , വള്ളുവമ്പ്രം | 30,000 |
| 9 | സാറ,കളത്തിങ്ങൽത്തൊടി,വള്ളുവമ്പ്രം | 30,000 |
| | ആകെ | 2,70,000 |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2 ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല

3 ഗുണഭോക്താക്കൾ റിപ്പയർ പൂർത്തിയാക്കിയതിന്റെ വാല്വേഷൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4 ഭവനറിപ്പയർ രജിസ്റ്റർ വിഇഒ സാക്ഷ്യപ്പെടുത്തുകയും റിപ്പയർ പൂർത്തിയായ വിവരം രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

5 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 27/28.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.രേഖകളുടെ അഭാവത്തിൽ 2,70,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. തിയതി 28.5.22 ഖണ്ഡിക 6-7 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 റിംഗ് കമ്പോസ്റ്റ് വിതരണം-അപാകതകൾ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ റിംഗ് കമ്പോസ്റ്റ് എന്ന പ്രൊജെക്റ്റിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 68/റിംഗ് കമ്പോസ്റ്റ് (So) |
| അടങ്കൽ | 7,48,125 കേന്ദ്രാവിഷ്കൃത ഫണ്ട്<br>1,18,750-ഗുണഭോക്തൃവിഹിതം |
| ചെലവ് | 6,69,375 -കേന്ദ്രാവിഷ്കൃത ഫണ്ട് |

| | |
|---|---|
| | ചെക്ക് നമ്പർ 010433/31.3.23<br>11,0000 – ഗുണഭോക്തൃ വിഹിതം<br>ചെക്ക് നമ്പർ 0161698/29.3.23<br>ആകെ-7,79,375 രൂപ |

പ്രൊജക്ട് നിർവഹണത്തിന്റെ ഭാഗമായി 7,79,375 രൂപ ഐആർടിസി പ്രൊജെക്ട് ഇംപ്ലിമെന്റിംഗ് യൂനിറ്റ് മുണ്ടൂരിന് താഴെ പറയും പ്രകാരം കൈമാറിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ B2B354/21.12.22

| ഇനം | എണ്ണം | വില | ആകെ വില |
|---|---|---|---|
| റിംഗ് കമ്പോസ്റ്റ് യൂനിറ്റ് | 440 | 2232.14 | 982142.86 |
| | | CGST | 58928.57 |
| | | SGST | 58928.57 |
| | | ആകെ | 11,00,000 |

7,79,375 രൂപയാണ് 2022-23 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്.ബാക്കി തുക അഡ്വാൻസായി മുൻ വർഷത്തിൽ നൽകിയതാണ്.

മേൽ പ്രൊജകിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2 ഐആർടിസിയുമായി കരാർ വെച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3 ഐ ആർ ടി സി തുക കൈപ്പറ്റിയ രശീതി ലഭ്യമാക്കിയിട്ടില്ല.

4 2% GST ടിഡിഎസ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017 സെക്ഷൻ 51 21.07.18 ലെ ജി.എസ്.ടി. കൗൺസിൽ തീരുമാനം)

5 ഗുണഭോക്തൃവിഹിതം 110000 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയത് പിരിച്ച് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതിന്റെ രശീതി ബുക്ക്,കളക്ഷൻ രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

6 ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് കൈപ്പറ്റിയതിന്റെ പേര്/മേൽവിലാസം,തിയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല.ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾ തന്നെയാണോ റിംഗ് കമ്പോസ്റ്റ് കൈപ്പറ്റിയതെന്ന് വ്യക്തമല്ല.

6 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.കുടിവെള്ളം,ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ 10.5.22 ലെ 7ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിന് വീടുകളിൽ റിംഗ് കമ്പോസ്റ്റ് എത്തിക്കാനും അതുപയോഗിക്കുന്നുണ്ടോയെന്ന് മോണിറ്ററിംഗ് സംവിധാനത്തിലൂടെ ഉറപ്പ് വരുത്തുമെന്നും തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നമ്പർ 28/28.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച പ്രൊജക്ട് ആണെന്നും കമ്പ്യൂട്ടറും പ്രിന്ററും കേടായതിനാൽ യഥാസമയം പ്രിന്റ് എടുത്ത് വയ്ക്കുവാൻ കഴിഞ്ഞില്ലെന്നും കൈപ്പറ്റ് രശീതികൾ ഹാജരാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. വാർഡ് 1,5,7,9,17 എന്നിവയുടെ മാത്രമാണ് പേരും വിതരണം ചെയ്ത തിയതിയും രേഖപ്പെടുത്തിയ കൈപ്പറ്റ് രശീതി ലഭ്യമാക്കിയത്.രേഖകളുടെ അഭാവത്തിൽ 7,79,375 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ലൈഫ് ഭവന പദ്ധതി -അപാകതകൾ പരിഹരിക്കേണ്ടതാണ്.

പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക,സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗവാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പടെ എല്ലാ സാമൂഹിക സേവന പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയകളിൽ പങ്കാളിയാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ലൈഫ് രണ്ടാം ഘട്ടത്തിൽ ഭൂരഹിതരുടെ ഭവനനിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭവനനിർമ്മാണവും പുനരധിവാസ്സും ഉൾപ്പെടുന്നു. ആകെ 278 ഗുണഭോക്താക്കളാണ്ഗുണഭോക്തൃലിസ്റ്റ് പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ നിലവിലുള്ളത്.ഇതിൽ ജനറൽ,പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെടുന്നു.ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് സ.ഉ(എംഎസ്) നം.151/2017 /തസ്വഭവ തി.21.7.17പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം ലൈഫ് ഭവന പദ്ധതിയിൽ താഴെ പറയുന്ന പ്രൊജക്ടുകൾ

പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 67/ലൈഫ് ഭവനപദ്ധതി എസ് സി So | 600000 | 592876 |
| 2 | 285/ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ എസ് സി | 225000 | 225000 |
| 3 | 228/ ലൈഫ് പദ്ധതി | 14400000 | 2044027 |
| 4 | 284/ ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ | 600000 | 600000 |
| 5 | 167 / ലൈഫ് ഭവന പദ്ധതി | 12000000 | 2700000 |
| 6 | 61/ ലൈഫ് ഭവനനിർമ്മാണം എസ് സി അഡീഷണൽ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പട്ടികജാതി So | 4208154 | 3038154 |

1 ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 1.9.22 മുതലുള്ള കാഷ്ബുക്ക് വി ഇ ഒ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഹാജരാക്കിയ കാഷ്ബുക്കിൽ പ്രൊജക്ട് നമ്പർ /ബിൽ / വൗച്ചർ നമ്പർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.കാഷ്ബുക്ക് വി ഇ ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലൈഫ് മിഷൻ പദ്ധതിയിലെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയ കാഷ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2 സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല ധനസഹായം ലഭ്യമാക്കിയിട്ടുള്ളത്.

3 ലൈഫ് രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4 ഗുണഭോക്താക്കളുമായി കരാർ ചമച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽരേഖപ്പെടുത്തിയിട്ടില്ല.

5 പ്രൊജെക്ട് നമ്പർ,ബിൽ വൗച്ചർ നമ്പർ / തിയതി രേഖപ്പെടുത്തിയിട്ടില്ല

6 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ പ്രകാരമുള്ള തുക കൈമാറിയതിന്റെ തിയതി രേഖപ്പെടുത്തിയിട്ടില്ല.

7 രജിസ്റ്ററുകളിൽ പല ഭാഗങ്ങളിലും കടലാസ് പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്.

8 രജിസ്റ്ററുകൾ വി ഇ ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല

9 വി ഇ ഒ പ്രൊജക്ട് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

10 ഭവനനിർമ്മാണ പദ്ധതികളുടെ പ്രൊജക്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

11 വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

12 ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതികളുടെ പുരോഗതി കാണിക്കുന്ന റിപ്പോർട്ട് (പ്രൊജക്ട്,ഗുണഭോക്താക്കളുടെ എണ്ണം,കരാർ വെച്ചവരുടെ എണ്ണം, പൂർത്തിയാക്കിയ വീടുകളുടെ എണ്ണം, പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം) പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നമ്പർ 29/29.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ധനസഹായം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്

## 1-24 എംസിഎഫ് കെട്ടിടം - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല.

കേരളത്തിലെ നഗര,ഗ്രാമ പ്രദേശങ്ങളെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് മാലിന്യനിർമ്മാർജനം.നിർമ്മിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.അജൈവ മാലിന്യങ്ങൾ വലിച്ചെറിയുന്നത് പരിസ്ഥിതിക്ക് വലിയ ആഘാതമാണ് ഉണ്ടാക്കുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമായിരി ക്കേണ്ടതാണ്. സുസ്ഥിര മാലിന്യനിർമ്മാർജന പദ്ധതികൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരഭമാണ് ഹരിതകർമ്മസേന.മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ് ഹരിത കർമ്മസേനയുടെ ലക്ഷ്യം. കുടുംബശ്രീ മിഷൻ,ശുചിത്വ മിഷൻ ക്ലീൻ കേരള കമ്പനി,ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാകുന്ന തൊഴിലുറപ്പ് മിഷൻ,കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ

ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമപ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക,ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

ഹരിത കേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.7.17 ലെ സ.ഉ (സാധ)നം 2420/2017/തസ്വഭവ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 23.4.18 ലെ10394/D-2017/KSHO നമ്പർ നടപടിക്രമങ്ങളിലൂടെ ഹരിതകർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും 12.8.20ലെ സ.ഉ(സാധ)നം 1496/20 തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചതുമാണ്.

എംസിഎഫ് കെട്ടിടം - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല.

1 12.8.20 ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ 1496/2020/തസ്വഭവ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിനാവശ്യമായ എംസിഎഫുകൾക്ക് വാർഡ് തലത്തിൽ കുറഞ്ഞത് 2 വാർഡുകൾക്ക് 150സ്ക്വയർഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ 1000 സ്കയർഫീറ്റിൽ കുറയാത്ത എംസിഎഫുകൾ നിർമ്മിക്കുകയോ വാടകയ്ക്ക് എടുക്കുകയോ വേണം. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ 13ാം വാർഡിൽ ഗ്രാമ പഞ്ചായത്തിന്റെ പഴയ ഷോപ്പിംഗ് കോംപ്ലക്സിലാണ് എം സിഎഫ് നിലവിൽ പ്രവർത്തിക്കുന്നത്. ആകെ 19 വാർഡുകൾ ഉള്ള ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടില്ല.

എംസിഎഫുകളിൽ ബെയിലിംഗ് മെഷിൻ സ്ഥാപിക്കൽ,ഫയർ എക്സ്റ്റിൻഗ്വിഷറുകൾ സ്ഥാപിക്കുക, ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഒരുക്കുക, സാനിറ്ററി സൗകര്യങ്ങൾ ,വസ്ത്രം മാറുന്നതിനുള്ള സൗകര്യം ,കുടിവെള്ളം തുടങ്ങിയവയെല്ലാം സജ്ജീകരിക്കണമെന്ന് മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ മാലിന്യങ്ങൾ തരംതിരിച്ച സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്. ഗുണമേന്മയുള്ള വയറിംഗ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിലാണ് മാലിന്യങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് എംസിഎഫിൽ എത്തിക്കുന്നത്.(വാഹന നമ്പർ KL10B G6326))ആയതിന് ഡ്രൈവർക്ക് വേതനമായി തനത് ഫണ്ടിൽ നിന്നും 2022-23 വർഷത്തിൽ 56,210 രൂപ ചെലവഴിച്ചിട്ടുണ്ട്. റിജക്റ്റഡ് വേസ്റ്റ് കിലോയ്ക്ക് 7 രൂപ നിരക്കിൽ കൊണ്ടുപോകുന്നതിന് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് കോഴിക്കോടുമായി (നമ്പർ 23/11.10.22) ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.2022-23 വർഷത്തിൽ വേസ്റ്റ് കൊണ്ടുപോകുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജെക്റ്റ് നമ്പർ/പേര് | ചെലവ് |
|---|---|---|
| 1 | 86/റിജക്റ്റഡ് മാലിന്യങ്ങൾ കയറ്റി അയച്ചതിനു തുക നൽകൽ | 4,96,140 |
| 2 | 327/റിജക്റ്റഡ് മാലിന്യങ്ങൾ കയറ്റി അയച്ചതിനു തുക നൽകൽ രണ്ടാം ഘട്ടം | 1,38,038 |

27.11.23 ന് എംസിഎഫ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ പരിശോധന നടത്തുകയുണ്ടായി. ദേശീയ പാതയിൽ റോഡിനോട് ചേർന്ന് ഫിറ്റ്നസ് ഇല്ലാത്ത പൊളിഞ്ഞ കെട്ടിടത്തിൽ അപകടകരമായ അവസ്ഥയിലാണ് എംസിഎഫ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. മാർഗ്ഗരേഖയിൽ പരാമർശിച്ച വിസ്തൃതി എംസിഎഫിന് ഇല്ല.എംസിഎഫിന് ചുറ്റുമതിൽ ഇല്ല. മാലിന്യങ്ങൾ തരം തിരിക്കുന്നതിന് എംസിഎഫിൽ സൗകര്യം ഇല്ല. നിലവിൽ എംസിഎഫിൽ വെയിംഗ് മെഷിൻ ഇല്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.ബെയിലിംഗ് മെഷിൻ വാങ്ങിയത് മാലിന്യങ്ങൾക്കിടയിൽ ഉപയോഗയോഗ്യമല്ലാത്ത രീതിയിൽ വെച്ചിരിക്കുകയാണ്. കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല. ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വസ്ത്രം മാറാനും സാനിറ്റേഷൻ ആവശ്യങ്ങൾക്കുമുള്ള സൗകര്യങ്ങൾ ആവശ്യത്തിനില്ല. വെന്റിലേഷൻ സൗകര്യം എംസിഎഫിൽ ഇല്ല. എംസിഎഫ് കെട്ടിടത്തിൽ മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുകയാണ്.28 ഹരിതകർമ്മസേനാംഗങ്ങൾ നിലവിൽ ജോലി ചെയ്തുവരുന്നു. അവർക്ക് ഗ്ലൗസ് ,മാസ്ക്,ബൂട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.ആയത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്നതിന് കരാർ പുതുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.5.6.23 ലെ ഹരിതകർമ്മസേനയുടെ മിനുട്ട്സ് പ്രകാരം നിലവിലെ എംസിഎഫിന്റെ പരിമിതിയും പുതിയ എം സി എഫ് സ്ഥാപിക്കുവാനും ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ട്.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ പഞ്ചായത്ത് എംസിഎഫ് സ്ഥാപിക്കുന്നതിന് 26,00,000 രൂപ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ചെലവ് നടന്നിട്ടില്ല. മേൽ പ്രൊജക്ടിന്റെ തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.നിലവിലെ എംസിഎഫ് ആരോഗ്യ പ്രശ്നങ്ങൾക്ക് സാധ്യതയുള്ളതിനാലും അപകടകരമായ അവസ്ഥയിലായതിനാലും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത സംബന്ധിച്ച് നമ്പർ 34/29.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

**1.പ്രോജക്ട് നമ്പർ.49/2022-23(പരിരക്ഷാ പദ്ധതി)**

അടങ്കൽ- 1243940 (543940 ( വികസന ഫണ്ട്-ജനറൽ),700000 MGNR)

ചെലവ് - 1243560/- (543560- പ്ലാൻ ഫണ്ട് 700000- MGNR)

| | ബിൽ നം/തീ |
|---|---|
| 1. | 22150152034101257486/27.2.23 700000/- |
| 2, | 412/28.3.23 -44510/- |
| 3 | 258/8.2.23 41070/- |
| 4 | 55/24.8.22 -82860/ |
| 5 | 229/1.2.23 -41070/- |
| 6 | 359/17.3.23 – 54540 |
| 7 | 158/6.12.22 -162840/- |
| 8 | 4/12.5.22 - 72720/- |
| 9 | 157/6.12.22 -2880/- |
| 10 | 290/23.2.23 -41070 |

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF-3725/19.01.2023

മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) തിരുവനന്തപുരത്തിന് , 700000/-രൂപ മുൻകൂറായി നല്കിയിരുന്നു, എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിധം 462163/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1. | 4220 Dtd 18.5.23 | 11883 |
| 2, | 4227 Dtd 18.5.23 | 46077 |
| 3 | 7583 Dtd 3.6.23 | 2135 |
| 4 | 6683 Dtd 30.5.23 | 49276 |
| 5 | 8823 Dtd 13.6.23 | 46741 |
| 6 | 10140 Dtd 21.6.23 | 53657 |
| 7 | 10995 Dtd 29.6.23 | 18161 |
| 8 | 14370 Dtd 28.7.23 | 7168 |
| 9 | 13018 Dtd 15.7.23 | 57450 |
| 10 | 16131 Dtd 16.8.23 | 448 |
| 11 | 15390 Dtd 8.8.23 | 27543 |
| 12 | 17900 Dtd 18.9.23 | 3618 |
| 13 | 18483 Dtd 21.9.23 | 1546 |
| 14 | 8826 Dtd 13.6 23 | 133368 |
| 15. | 20217 Dtd 2.11.23 | 2486 |
| 16 | 20737 Dtd 10.11.23 | 606 |
| ആകെ 462163 | | |

237837/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**(2) വാഹന വാടകയ്ക്ക് ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച്**

ആദായ നികുതി നിയമം സെക്ഷൻ 194 C പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്ടർമാർക്ക് നൽകുന്ന തുകയിൽ നിന്നും (പ്രതിവർഷം 100000 രൂപയിൽ കൂടുമ്പോൾ) 1% ആദായ നികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. പാലിയോറ്റീവ് കെയറിന് വാഹന വാടകയിനത്തിൽ വാഹനയുടമ ശ്രീ . മുഹമ്മദാലി .കെ യ്ക്ക് തൻവർഷം 248000/-രൂപ അനുവദിച്ചതിൽ 1% ആദായ നികുതി 2480/-രൂപ ഈടാക്കിയിട്ടില്ല ആയത് ഈടാക്കി അടവാക്കേണ്ടതാണ്.

## 1-26 എൽ.പി.യു.പി തലത്തിലുള്ള വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷി വികസനം-അപാകത

പ്രൊജക്ട് നമ്പർ 324/23:എൽ.പി.യു.പി തലത്തിലുള്ള വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷി വികസനം

അടങ്കൽ-60000(തനത് ഫണ്ട്)

ചെലവ്-60000(വൗച്ചർ നമ്പർ 22200789 തിയതി 28.01.2023

പ്രൊജക്ട് നമ്പർ 324/23-എൽ.പി.യു.പി തലത്തിലുള്ള വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷി വികസനം പദ്ധതി പ്രകാരം സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് കലാ പരിശീലനം നൽകിയ പരിശീലകർക്ക് റെമ്യൂണറേഷൻ നൽകുന്നതിന് 60000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രൊജക്ട്, പദ്ധതി മാർഗ്ഗരേഖ / സബ്ഡിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/എൽ.സ്.ജി.ഡി. തിയതി 28.05.22 പ്രകാരം ഗ്രാമപഞ്ചായത്തിന് നടപ്പാക്കാൻ അനുമതി നൽകിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതിയോ, നൂതന പ്രൊജക്ട് അംഗീകരിക്കുന്നതിനുള്ള സമിതിയുടെ അനുമതിയോ തേടിയായിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഈ പ്രൊജക്ടിന് ഇപ്രകാരമുള്ള അനുമതി നേടിയിട്ടില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 24/27.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുമതി ലഭ്യമാക്കിയതു സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 60000/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 വിദ്യാഭ്യാസ മുന്നേറ്റ പരിപാടി- പ്രൊജക്ട് ഇരട്ടിപ്പ് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊ. നം. 275/23:വിദ്യാഭ്യാസ മുന്നേറ്റ പദ്ധതി

അടങ്കൽ-75000(തനത് ഫണ്ട്) ചെലവ്-45000

ബിൽ നം.375/22.03.2023 – 40000/- രൂപ

വൗച്ചർ നമ്പർ 22201035 തിയതി 29.03.2023 40000/- രൂപ

413/28.03.2023 5000/- രൂപ

പ്രൊജക്ട് നമ്പർ 275/23:വിദ്യാഭ്യാസ മുന്നേറ്റ പദ്ധതി പ്രകാരം പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.പദ്ധതി മാർഗരേഖ സ.ഉ (എം.എസ്)നം 84/2022/തസ്വഭവ തിയതി 19.04.2022 ഖണ്ഡിക 8.6(5) പ്രകാരം പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രൊജക്ടുകൾ എസ്.എസ്.കെ, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പാക്കിയതിനു ശേഷം ഏറ്റെടുക്കാവുന്നതാണെന്ന് വിശദമാക്കിയിട്ടുണ്ട്. SSK യിൽ ഉൾപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനത്തിന് തുക ചെലവഴിച്ചിട്ടില്ല എന്ന വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 24/27.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് – പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

S0322/2023 അടങ്കൽ - 6,00,000

BRN : 22150152025501391220/17-03-2023 : 4,75,000

BRN : 22150152025501249591/25-02-2023 : 1,25,000

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു -

1. ജി.ഒ (എം.എസ്) 115/2022/തസ്വഭവ തി.28-05-2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്ന തുക പൂർണ്ണമായും വിദ്യാർത്ഥികൾക്ക് നൽകിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു -

| കോഴ്സ് | നൽകാവുന്ന തുക | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സ് | 50,000 | 40,000 |
| ബിരുദാനന്തര ബിരുദം | 30,000 | 20,000 |
| എഞ്ചിനീയറിംഗ് | 25,000 | 15,000 |
| ബിരുദം/പോളിടെക്നിക്/ ഐ.ടി.ഐ | 20,000 | 10,000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ തുകയും വിദ്യാർത്ഥികൾക്ക് നൽകാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 18/25-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഭരണ സമിതി തീരുമാനമാണ് അപ്രകാരം നൽകിയത് എന്ന് മറുപടി നൽകി. ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും നൽകും വിധം പദ്ധതി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതുമായ കോഴ്സുകളിൽ പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകാവുന്നത്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| | വിദ്യാർത്ഥി | കോഴ്സ് | സ്ഥാപനം | നൽകിയ തുക |
|---|---|---|---|---|
| 1 | അനുശ്രീ പി, D/O. ശ്രീനിവാസൻ പി | Dip.MLT | Medisus Institute Of Paramedical Sciences, മഞ്ചേരി | 10,000 |
| 2 | ഗോപിക കെ.സി D/O. ഗോപാലൻ കെ.സി | Dip.MLT | Medisus Institute Of Paramedical Sciences, മഞ്ചേരി | 10,000 |
| | ആകെ | | | 20,000 |

സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ് എന്ന് 18/25-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 20,000രൂപ തടസ്സം ചെയ്യുന്നു

## 1-29 വാഹന വാടക-ഇൻകം ടാക്സ് TDS ചെയ്തിട്ടില്ല

1961ലെ ആദായ നികുതി നിയമം സെക്ഷൻ 194C പ്രകാരം , വാഹന വാടക ഇനത്തിൽ അനുവദിക്കുന്ന തുക 30,000 രൂപക്ക് മുകളിൽ ആണെങ്കിലോ (Single Payment) , ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ ആണെങ്കിലോ IT TDS ചെയ്യേണ്ടതാണ് (Transportation Contract). അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS ഇനത്തിൽ പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്. എന്നാൽ ബഡ്സ് സ്കൂളിലേക്കുള്ള വാഹന വാടക ഇനത്തിൽ താഴെക്കാണും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ഇൻകം ടാക്സ് TDS ചെയ്തിട്ടില്ല -

| വൗച്ചർ/ബിൽ നം. | അനുവദിച്ച തുക |
|---|---|
| 22200392/17-09-2022 | 26,700 |
| 22200533/25-10-2022 | 40,290 |
| 22200622/21-11-2022 | 29,700 |
| 22200674/13-12-2022 | 34,848 |
| 22200741/05-01-2023 | 18,702 |
| 22200764/18-01-2023 | 3,078 |
| 22200818/07-20-2023 | 34,000 |
| 22200883/25-02-2023 | 14,220 |
| 22200993/17-03-2023 | 28,000 |
| 22201133/31-03-2023 | 20,462 |

| | |
|---|---|
| ആകെ | 2,50,000 |

1% (2500/-രൂപ )TDS ഈടാക്കേണ്ടതാണ്. ആയത് ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് 21/27-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-30 റെക്കോർഡ് റൂം സജ്ജീകരണവും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും പ്രൊജക്ട് -അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : റെക്കോർഡ് റൂം സജ്ജീകരണവും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും

നം : S0084/2023 അടങ്കൽ - 1,38,000 (തനത് ഫണ്ട് )

ബിൽ നം. 280/22-23/17.2.23 : 116400/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം റെക്കോർഡ് റൂം സജ്ജീകരണ പ്രവൃത്തികൾ നടത്തിയതിന്റെ തുകയായി 1,16,400 രൂപ ന്യൂ മലബാർ ഫർണ്ണിച്ചർ, ഒഴൂർ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം. 043/29-01-2023 പ്രകാരം നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു -

1. മേൽ പ്രവൃത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

2. സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും 2% IT കുറവ് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. 19/27-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ഹൈമാസ്റ്റ്,മിനിമാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ -അപാകതകൾ പരിഹരിക്കേണ്ടതാണ്

പ്രൊജക്ട് : ആസ്തിയിൽ ചേർക്കപ്പെട്ട വിവിധ ഹൈമാസ്റ്റ് ലൈറ്റുകൾ മിനിമാസ്റ്റ് ലൈറ്റുകൾ എന്നിവയുടെ തുടർ നടത്തിപ്പും സംരക്ഷണവും

നം : S0075/2023 അടങ്കൽ - 1,50,000 (തനത് ഫണ്ട് )

വൗച്ചർ നം. 22200687/20-12-2022 : 57,024

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 12 ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തതിന്റെ തുകയായി 57024/- രൂപ ശ്രീ. അജിത്ത് കെ, പവർമേറ്റ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ്, മഞ്ചേരി-ക്ക് നൽകിയിട്ടുണ്ട്. വാർഡ്- 4 (4 എണ്ണം), വാർഡ്- 10 (5എണ്ണം) എന്നീ മെമ്പർമാർ ആകെ 9 എണ്ണം റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം സ്ഥലത്തുള്ള ഹൈമാസ്റ്റ് ലൈറ്റുകളാണ് റിപ്പയർ ചെയ്തതെന്ന് വിശദമാക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 57,024 രൂപ തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. 20/27-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല -

## 1-32-1 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22150152000701570898/30-03-2023 | ചെമ്പ്രമ്മൽ, കാരാപറമ്പ് അംഗൻവാടികളിൽ സോളാർ പാനൽ സ്ഥാപിക്കൽ<br>S0328/2023 | 5,06,000 | അനെർട്ട് മലപ്പുറത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | 22201209/31-03-2023<br>22200767/19-01-2023 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ 14 കുഴൽ കിണറുകളുടെ നിർമ്മാണം തുക GWD അടവാക്കൽ<br>S0077/2023 | 55916<br>132937 | GWD യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം |
| 3 | 22200592/08-11-2022 | കക്കോടിമുക്ക് ഇലക്ട്രിസിറ്റി ത്രീഫേസ് ലൈൻ വലിക്കൽ<br>S0200/2023 | 49743 | A.E, KSEB, ഇലക്ട്രിക് സെക്ഷൻ,വള്ളുമ്പ്രത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം |
| 4 | 22201206/31-03-2023<br>22201208/31-03-2023 | സ്ട്രീറ്റ് മൈൻ സ്ഥാപിക്കൽ<br>S0085/2023 | 392141<br>49194 | A.E, KSEB, ഇലക്ട്രിക് സെക്ഷൻ,മലപ്പുറത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം<br>A.E, KSEB, ഇലക്ട്രിക് സെക്ഷൻ,വള്ളുമ്പ്രത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം |
| 5 | 22200602/09-11-2022 | മുത്തങ്ങാട് ഇലക്ട്രിസിറ്റി ത്രീ ഫേസ് ലൈൻ വലിക്കൽ<br>S0202/2023 | 149022 | A.E, KSEB, ഇലക്ട്രിക് സെക്ഷൻ,വള്ളുമ്പ്രത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം |
| | | ആകെ | 13,34,953 | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ 22/27-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 13,34,953 രൂപ തടസ്സം ചെയ്യുന്നു.

## 1-32-2 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200991/17-03-2023 | വിവിധ അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ<br>S0076/2023 | 3,96,500 | വാങ്ങിയ സ്ഥലത്തിന്റെ ആധാരം |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ 22/27-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,96,500 രൂപ തടസ്സം ചെയ്യുന്നു.

## 1-33 എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ വിഹിതം അടവാക്കൽ (S0048/2023)
അടങ്കൽ - 7,00,000 (വികസന ഫണ്ട് )

BRN : 22150152000700865220/05-12-2022 : 7,00,000

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 7,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ 23/27-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 7,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-34 ഫെസ്റ്റിവൽ അഡ്വാൻസ് -തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22200446/10-10-2022 -ാം നമ്പർ വൗച്ചർ പ്രകാരം 2,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്-

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. ഷാജി ആർ.എസ്, സെക്രട്ടറി | 20,000 | - | 20,000 |
| 2 | ശ്രീമതി അനിത കെ.ഒ, അസി.സെക്രട്ടറി | 20,000 | 4,000 | 16,000 |
| 3 | ശ്രീ. കിഷൻലാൽ കെ.വി,<br>ഹെഡ് ക്ലർക്ക് | 20,000 | 8,000 | 12,000 |
| 4 | ശ്രീമതി സ്മിത ആർ.എസ്, അക്കൗണ്ടന്റ് | 20,000 | 8,000 | 12,000 |
| 5 | ശ്രീ. അബ്ദുറഹ്മാൻ ടി, സീനി.ക്ലർക്ക് | 20,000 | 12,000 | 8,000 |
| 6 | ശ്രീ. സജികുമാർ സി, ക്ലർക്ക് | 20,000 | 16,000 | 4,000 |
| 7 | ശ്രീ. മുഹമ്മദ് റഫീഖ്, ക്ലർക്ക് | 20,000 | 16,000 | 4,000 |
| | | | ആകെ | 76,000 |

തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ 33/28-11-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 76,000 രൂപ തടസ്സം ചെയ്യുന്നു.

## 1-35 മരമാത്ത് -അവലോകനം

1) തയ്യാറാക്കിയ പല പ്രൊജക്ടുകളും നടപ്പിലാക്കുന്നില്ല.

2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 157 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 80 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 157 | ആകെ അടങ്കൽ | 4,8402935 |
| നടപ്പിലാക്കിയത് | 80 | ചെലവ് | 18826093 |

| | | | |
|---|---|---|---|
| ശതമാനം | 50.95 | ചെലവ് ശതമാനം | 38.89 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 32 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 11 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

2.മരാമത്ത് പ്രൊജക്ടുകളുടെ ചെലവ് ക്രമീകരണത്തിലെ അപാകത

മരാമത്ത് പ്രൊജക്ടുകൾക്കായി തനത് ഫണ്ട് തുക വകയിരുത്തിയവയുടെ ചെലവ് നടത്തുമ്പോൾ, പ്രവൃത്തിയുടെ ആകെ മൂല്യനിർണയത്തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി എന്നിവയിലെ താഴെപ്പറയുന്ന 2 അക്കൗണ്ടുകളിൽ ഒന്നിലേക്ക് മാറ്റുകയും, തുടർന്ന് എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും, ആവശ്യമായ റിക്കവറികൾ നടത്തി കരാറുകാരനും മറ്റ് ഏജൻസികൾക്കും തുക നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.

മലപ്പുറം ട്രഷറി അക്കൗണ്ട് നം.799011400005385

എസ്.ബി.ഐ ,പൂക്കോട്ടൂർ - 00000041310793047

ഇപ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവ് വന്ന തുക യഥാർത്ഥത്തിൽ അർഹമായ വ്യക്തിക്ക് യഥാസമയം കിട്ടാതിരിക്കുകയും, നികുതിയടക്കമുള്ള റിക്കവറികൾ ബന്ധപ്പെട്ട ഏജൻസികൾക്ക് ഒടുക്കുന്നതിൽ കാലതാമസം വരികയും ചെയ്യുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ വരികയുണ്ടായി.

കൂടാതെ, അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് ബുക്കോ, കാഷ് ബുക്കോ തയ്യാറാക്കുന്നില്ല എന്നതിനാൽ ടി അക്കൗണ്ടുകളിലെ തുകയുടെ യാതൊരു കണക്കും ലഭ്യവുമല്ല.

യഥാർത്ഥത്തിൽ, മരാമത്ത് പ്രവൃത്തിയുടെ ബിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും സമർപ്പിക്കപ്പെട്ടാൽ, പണം ലഭിക്കേണ്ട വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് പഞ്ചായത്തിലെ അക്കൗണ്ട്സ് സെക്ഷനിൽ നിന്നു തന്നെ നൽകുകയാണ് വേണ്ടത്. പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക യഥാർത്ഥത്തിൽ ചെലവാകുന്നു എന്ന് ഉറപ്പു വരുത്താനും, റിക്കവറികൾ യഥാസമയം ഒടുക്കുന്നു എന്ന് ഉറപ്പു വരുത്താനും, ഒരേതരം സെക്ഷൻ വർക്ക് രണ്ടു ജീവനക്കാർ ആവർത്തിക്കേണ്ടി വരികയും ഇതു വഴി അനാവശ്യ കാലതാമസം ഉണ്ടാവാനിടയാകുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാനും ഇപ്രകാരമാണ് ചെയ്യേണ്ടത്.

3) അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ കണക്ക് ലഭ്യമല്ല.

മുകളിൽ സൂചിപ്പിച്ച അക്കൗണ്ടുകളിലെ വരവ് ചെലവ് കണക്കുകൾ കാണിക്കുന്ന യാതൊരു രേഖയും ഗ്രാമ പഞ്ചായത്തോ , അസിസ്റ്റന്റ് എഞ്ചിനിയറോ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ വാർഷിക കണക്കിലും അവ ഉൾപ്പെടുത്തിയിട്ടില്ല.

ടി അക്കൗണ്ടുകളിലെ വരവ് ചെലവ് രേഖപ്പെടുത്തിയ കാഷ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4) അസിസ്റ്റന്റ് എഞ്ചിനിയർ പ്രൊജക്ട് രജിസ്റ്റർ തയ്യാറാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനിയർ പ്രൊജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ടി രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്ത് നൽകുകയും, അസിസ്റ്റന്റ് എഞ്ചിനിയർ രേഖപ്പെടുത്തലുകൾ വരുത്തി തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

5) അളവു പുസ്തകങ്ങളുടെ നമ്പരിടുന്നതിലെ അപാകത

പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ അളവു പുസ്തകങ്ങൾ സെക്രട്ടറിയാണ് വാങ്ങുന്നതെങ്കിലും, അവയ്ക്ക് നമ്പരിടുന്നതും, ഇഷ്യൂ ചെയ്യുന്നതും സെക്രട്ടറിയല്ല. ഇതു മൂലം തൊഴിലുറപ്പു പദ്ധതിയിലും, മരാമത്ത് പ്രൊജക്ടുകളിലും ഒരേ നമ്പരിലുള്ള അളവു പുസ്തകങ്ങൾ ഉപയോഗിച്ചതായി കാണുന്നു.

മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സെക്രട്ടറി വാങ്ങുകയും, നമ്പരിട്ട് സ്റ്റോക്കിലെടുക്കുകയും, ആവശ്യാനുസരണം ഇഷ്യൂ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

6)റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.ഇതിനു വേണ്ടി തയ്യാറാക്കിയ പ്രൊജക്ട് (നം318/23 -57000 രൂപ) നിർവ്വഹണം നടത്തിയിട്ടില്ല.

7)കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല.

സ.ഉ (കൈ) നം.84/2022തസ്വഭവ, തീ.19.04.2022-പദ്ധതി മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തണം. എന്നാൽ ഒരു കെട്ടിടത്തിന്റെ വിവിധ ഘടകങ്ങൾക്ക് പ്രത്യകം പ്രൊജക്ടുകൾ തയ്യാറാക്കുന്നതായാണ് കാണുന്നത്. (ഉദാ-248/23-ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം,111/23-സ്മാർട്ട് അംഗനവാടി)

8) പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ഡ്രോയിംഗ് ഇല്ല

പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം വ്യക്തമായ ഡ്രോയിംഗ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഉണ്ടായിരിക്കണമെന്ന് മരാമത്ത് ചട്ടങ്ങളിലും കെട്ടിട നിർമാണ ചട്ടങ്ങളിലും പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പുകൾ മാത്രമാണ് വച്ചിട്ടുള്ളത്.

9) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതി രൂപീകരണ ഫോറങ്ങളിൽ ആസ്തികളുടെ റഫറൻസ് നമ്പർ ചേർക്കുന്നില്ല. പദ്ധതികൾ പൂർത്തീകരിച്ചാൽ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.19.04.2022) ഖണ്ഡിക 11.4 (2) ലെ നിബന്ധനകൾ പാലിച്ചിട്ടില്ല.

10) ആസ്തി സംരക്ഷണ പദ്ധതി പ്രത്യേകം തയ്യാറാക്കിയിട്ടില്ല.

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 84/2022/ തസ്വഭവ തി.19.04.2022) ഖണ്ഡിക 6.7 പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ മെയിന്റനൻസ് നടത്താനുണ്ടെന്നിരിക്കെ പ്രൊജക്ട് നം:114/23 -പഞ്ചായത്ത് ഓഫീസ് 2-ാം നില കെട്ടിടം സജ്ജമാക്കൽ പ്രവർത്തിക്ക് പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്.

11)മോണിറ്ററിംഗ്, പൂർത്തീകരണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിച്ചില്ല.

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 84/2022/ തസ്വഭവ തി.19.04.2022) ഖണ്ഡിക 11.4(1) പ്രകാരമുള്ള പൂർത്തീകരണ പത്രം ഫയലിൽ ഇല്ല. അതു പോലെ, പ്രവൃത്തി മൂലം പ്രയോജനം ലഭിക്കാനുള്ള ഗുണഭോക്തൃ സമിതികളുടെ മോണിറ്ററിംഗ് രേഖകളും ഇല്ല.

12) റോഡുകൾക്ക് തിരിച്ചറിയൽ കല്ലുകൾ സ്ഥാപിച്ചിട്ടില്ല.

GO(MS) 165/2010/ തസ്വഭവ. തി: 16-1-2010 പ്രകാരം ത്രിതല പഞ്ചായത്തുകളിൽ ഓരോന്നിന്റെയും കൈവശത്തിലുള്ള റോഡുകൾക്ക് പ്രത്യേകം നിറത്തിലുള്ള കിലോമീറ്റർ, ഹെക്ടോ മീറ്റർ തിരിച്ചറിയൽ കല്ലുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

13) മെമ്മോറാണ്ടം ഓഫ് പെയ്മെന്റിൽ വിവരങ്ങൾ പൂർണമല്ല.

M Book. ബിൽ എന്നിവയിലെ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് എന്ന ഭാഗത്ത് വൗച്ചർ നം., ചെക്ക് നം., തിയ്യതി, തുടങ്ങിയ പല വിവരങ്ങളും ചേർക്കുന്നില്ല. ഒരേ പ്രവൃത്തിക്ക് വ്യത്യസ്ത ഇനം ഫണ്ടുകൾ വകയിരുത്തിയ പ്രവൃത്തികളുടെ ബില്ലുകളിൽ ഇത്തരം വിവരങ്ങൾ ചേർക്കാത്തതിനാൽ, തുക നൽകിയതിന്റെ കൃത്യത ലഭ്യമല്ല.

14)ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് തിരികെ ലഭ്യമായിട്ടില്ല.

2015-16 വർഷം മുതൽ നാളിതുവരെ ഇ- ടെണ്ടർ നടപടികളിലൂടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:9/22-23/24.11.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-36 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് /പേര് | 90/23-പുല്ലാറ മേൽമുറി അംഗനവാടി (45/20 So) | അടങ്കൽ | 400000/-(പ്ലാൻ ) |
| ചെലവ് | 386220/- | വൗച്ചർ നം/തീ | 3/22-23/3.9.22 |
| കോൺട്രാക്ടർ | അബ്ദുൾ റഹ്മാൻ .പി.കെ (എസ്റ്റിമേറ്റ് ) | എഗ്രിമെൻറ് | 34/20-21 /AE/4.11.2020 |

സെലക്ഷൻ നോട്ടീസ് : സെ.എൻ/എ.ഇ/എൽ.എസ്.ജി.ഡി/പി.കെ.ടി.ആർ/03/2020/19.10.20

എഗ്രിമെന്റ് :34/20-21/AE/PKTR/4.11.2020

പൂർത്തീകരണ കാലാവധി : 3 മാസം (4.2.2021)

പൂർത്തീകരിച്ച തീയ്യതി : 13.4.2022 (അവസാന ചെക്ക് മെഷർ)

മരാമത്ത് മാന്വലിലെ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

മേൽ പ്രവർത്തിയിൽ ഈടാക്കേണ്ടിയിരുന്ന ഫൈൻ വിവരം ചുവടെ ചേർക്കുന്നു.

PAC :344838/-

1. 5.2.2021 – 4.5.2021 1% =3448
2. 5.5.2021 – 4.8.2021 2% =6896
3. 5.8.2021 – 4.11.2021 2% =6896
4.5.11.2021 -4.2.2022 2% =6896
5. 5.2.2022 –13.4.2022 2% (6896x68/90)=5210 (ആകെ 29346/-)

(2)

| | | | |
|---|---|---|---|
| പ്രൊജക്ട് /പേര് | 113/23-പിലാച്ചിക്കുളം സൈഡ് പ്രൊട്ടക്ഷൻ | അടങ്കൽ | 1565000/-(തനത് ) |
| ചെലവ് | 1063895/- | വൗച്ചർ നം/തീ | 10/22-23/6.10.22 |
| കോൺട്രാക്ടർ | നിയാസ് .പി.കെ (20% കുറവ് ) | എഗ്രിമെൻറ് | 91/21-22 /AE/25.3.2022 |

സെലക്ഷൻ നോട്ടീസ് : സെ.എൻ/എ.ഇ/എൽ.എസ്.ജി.ഡി/പി.കെ.ടി.ആർ/et-2/21-22/03/22.3.2022

എഗ്രിമെന്റ് :91/21-22/AE/PKTR/25.3.2022

പൂർത്തീകരണ കാലാവധി : 6 മാസം (25.9.2022)

പൂർത്തീകരിച്ച തീയ്യതി : 25.1.2023 (അവസാന ചെക്ക് മെഷർ)

മേൽ പ്രവർത്തിയിൽ ഈടാക്കേണ്ടിയിരുന്ന ഫൈൻ വിവരം ചുവടെ ചേർക്കുന്നു.

PAC :1117259/-

1. 25.9.2022 – 24.12.2022 1% =11172

2. 25.12.2022 -25.1.2023 2% 22344x30/90= 7448 (ആകെ 18620/-)

(3)

| | | | |
|---|---|---|---|
| പ്രൊജക്ട് /പേര് | 111/23-പാപ്പാട്ടുങ്ങൽ സ്മാർട്ട് അംഗനവാടി നിർമ്മാണം (237/22 So) | അടങ്കൽ | 3250000/-(പ്ലാൻ ) |
| ചെലവ് | 2450779/- (Final) | വൗച്ചർ നം/തീ | 16/22-23/3.10.22 -1215063 |
| കോൺട്രാക്ടർ | ജാഫർ (2098225 ) | എഗ്രിമെൻറ് | 93/21-22 /AE/25.3.2022 |

സെലക്ഷൻ നോട്ടീസ് : സെ.എൻ/എ.ഇ/എൽ.എസ്.ജി.ഡി/പി.കെ.ടി.ആർ/et-2/21-22/22.3.2022

പൂർത്തീകരണ കാലാവധി : 10 മാസം (25.1.2023) എഗ്രിമെന്റ് 93/22-22/AE/25.03.2022

പൂർത്തീകരിച്ച തീയ്യതി : 15.03.2023 (അവസാന ചെക്ക് മെഷർ)

മേൽ പ്രവർത്തിയിൽ ഈടാക്കേണ്ടിയിരുന്ന ഫൈൻ വിവരം ചുവടെ ചേർക്കുന്നു.

PAC :2098225/-

1. 26.1.2023 – 15.3.2023 1% = 11424 (49 ദിവസം) (20982x49/90)

2022-23 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളിൽ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ ,നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ശുപാർശ ചെയ്യുകയോ ,ഭരണസമിതി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. ആകെ 59390/- രൂപ ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:4/22-23/24.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-37 ഡ്രൈനേജ് നിർമ്മാണം -അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഡ്രൈനേജ് നിർമ്മാണ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് (@7841.67/m3 (DSoR 2018, COl.36.44%) നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് (Od.@7540.08/m$^3$ (DSoR 2018, COl.36.44%) നിരക്ക് അനുവദിക്കേണ്ടിയിരുന്നത്. ആയത് ചെയ്യാതിരുന്നതിനാൽ പ്രൊജക്ടുകളിൽ അധികച്ചെലവ് വന്നിട്ടുണ്ട്

| പ്രൊജക്ട് വിവരം | ഇനം. അളവ് | നൽകിയ തുക (കോഡ് 11.4.1.1) | നൽകാവുന്ന തുക | അധികം ( GST അടക്കം) |
|---|---|---|---|---|
| 1)പ്രൊജക്ട് :104/23 പള്ളിപ്പടി മുതിരക്കാട്ഡ്രൈനേജ് നിർമ്മാണം<br>അടങ്കൽ : 175000/-CFC(untied)<br>TS നം :77651/2021-22 DsoR (MoRD) 2018, 36.44% ചെലവ്: 174029 രൂപ ബിൽ നമ്പർ- 12/22-23/17.11.2022 കരാർ നം : AE/LSGD | ഇനം.2 5.265m3 | 5.265x7841.67/m3= 41286.45 | 5.265x7540.08 =39698.52 | 1587.93 രൂപ 1587.93x118%=1873.75. |

| | | | | |
|---|---|---|---|---|
| /81/21-22/07.3.2022<br>(ER) കരാറുകാരൻ:<br>ഇബ്രാഹീംകുട്ടി<br>എംബുക്ക്നം:<br>24/21-22 | | | | |
| (2)പ്രൊജക്ട് :30/23-<br>വേലൂർ പൂവ്വക്കാട്<br>ഡ്രൈനേജ്<br>നിർമ്മാണം<br>അടങ്കൽ :<br>200000/-CFC(untied)<br>TS നം :54266/2022<br>/24.12.22<br>DsoR (MoRD) 2018,<br>36.44%<br>ചെലവ്: 199572 രൂപ<br>വൗച്ചർ നമ്പർ-<br>54/22-23/28.3.23<br>കരാർ നം : AE/LSGD<br>/52/22-23//24.1.23<br>(ER)<br>കരാറുകാരൻ:<br>നിയാസ് .പി.കെ<br>എംബുക്ക്നം:<br>24/21-22 | ഇനം.2<br>4.212m3 | 4.212x7841.67/m3=<br>33029.19/- | 4.212x7540.08<br>=31758.81 | 1270.35 രൂപ<br>1270.35x118%=1499.01/-. |

അധികം നൽകിയ തുക(3373/-രൂപ) തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:30/22-23/28.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 കുളം നവീകരണം -പൊളിച്ചെടുത്ത കരിങ്കൽ ഉപയോഗിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട്<br>/പേര് | 113/23-പിലാച്ചീരിക്കുലം<br>നവീകരണം | അടങ്കൽ | 1565000 /-<br>ജില്ലാ പഞ്ചായത്ത്<br>700000/-<br>ബ്ലോക്ക് പഞ്ചായത്ത്<br>800000/-<br>തനത് ഫണ്ട് 65000 |
| ചെലവ് | 1063895/- | ബിൽനം/തീ | 10/6.10.22-700000/-<br>15/17.11.22-65000/-<br>55/29.3.23-248224/- |
| കോൺട്രാക്ടർ | നിയാസ് .പി.കെ | എഗ്രിമെൻറ് | 91/21-22/25.3.22 |
| എംബുക്ക് | 93/21-22 (DSR CI 36.44%) | നിരക്ക് | 20% കുറവ് (1117259.32 ) |

മേൽ പ്രവർത്തിയിൽ ഐറ്റം നമ്പർ (1) കരിങ്കല്ല് പൊളിച്ചെടുത്ത് (ഐറ്റം കോഡ് 60.7.3) 50.750 എം3ന് @ 495.22/എം3 നിരക്കിൽ 25132.45 രൂപ സ്റ്റാക്കിങ് നടത്തിയതിന്ന് അനവദിച്ചിട്ടുണ്ട് .എം ബുക്ക് പേജ് നം (1) ൽ സ്റ്റാക്ക് ചെയ്ത അളവ് 35.26 എം3 എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഐറ്റം നമ്പർ (9) സ്റ്റാക്ക് ചെയ്ത കരിങ്കല്ല് ഉപയോഗിച്ചുള്ള പടവ് നിർവ്വഹണം നടത്തിയിട്ടില്ല.28.11.23 ൽ പ്രാദേശിക പരിശോധന നടത്തിയതിൽ സ്റ്റാക്ക് ചെയ്ത കരിങ്കല്ല് കാണാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .അല്ലാത്ത പക്ഷം ആയതിൻറ വില കോൺട്രാക്ടറിൽ നിന്ന് ഈടാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:37/22-23

/28.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 അങ്കണവാടി ഷീറ്റ് മേയൽ -അധിക നിരക്ക് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ

താഴെപ്പറയുന്ന കെട്ടിടങ്ങൾ നിർമ്മണം പൂർത്തീകരിച്ച് ആയത് പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് /പേര് | 118/23പുല്ലാറ മേൽമുറി അംഗനവാടി റിപ്പയർ | അടങ്കൽ | 680000(MGNR) |
| ചെലവ് | 437388 | വൗച്ചർ നം | 5/22-23 /9.9.22 |
| കോൺട്രാക്ടർ | അബ്ദുൾനാസർ കെ (501040.53 ,CE 36.44 ) | എംബുക്ക് | 115/21-22 90/21-22 |

**അപാകതകൾ**

1.മേൽ പ്രവർത്തിയിൽ എക്സ്ട്രാ ഐറ്റം (9) ആയി 245.23 Kg സ്റ്റീൽ വർക്ക് (ഐറ്റം കോഡ് 10.16.1 )ചെയ്തതിന് @ 168.37/Kg നിരക്കിൽ 41289.38 രൂപ അനുവദിച്ചിട്ടുണ്ട്. സൈറ്റ് പരിശോധനയിൽ പ്രവർത്തി സിങ്കിൾ സെക്ഷൻ (പെർളിൻ വർക്)പ്രവർത്തിയാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായി. ആയതിന് ഐറ്റം കോഡ് 50.10.2 പ്രകാരമുള്ള നിരക്ക് 153.29 /Kg ആണ് നൽകാവുന്നത് ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതിന്റ വിവരം ചുവടെ ചേർക്കുന്നു

അനുവദിച്ചത്
E-9 10.16.1 ട്രസ്സ് വർക്ക് 245.23Kg @168.37 =41289.38
അനുവദിക്കാവുന്നത്
50.10.2 പെർളിൻ വർക്ക് 245.23 @153.29 =37591.30
അധികം =3698.07/-+18% (GST)=4363.72/-രൂപ
അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:40/22-23/29.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-40 ഡ്രൈനേജ് വർക്ക് -മണ്ണ് നീക്കം ചെയ്യാൻ അധിക നിരക്ക് അനുവദിച്ചു

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് ( Excavation In Cutting In Soil ) Mord Data 3.5.1 പ്രകാരം " Excavation In Cutting In Soil By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer/ Hydraulic Excavator ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2 Or 3.5.3) ആണ് ഈ ഐറ്റം പ്രവൃത്തിക്ക് അനുവദിനീയമായത്. എന്നാൽ മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1)

| | |
|---|---|
| പ്രൊജക്റ്റ് | 104/23-പള്ളിക്കാട് മുതിരക്കാട് ഡ്രൈനേജ് |
| അടങ്കൽ/ ചെലവ് | 175000/174029 |
| പ്രൈസ് ഐഡി | 103800/2021 |
| കരാർ | 89/AE/LSGD/21-22/24.3.22 |
| ടി എസ് | 89941/2021-22 |
| ബിൽ/വൗച്ചർ | 12/22-23/10.11.22 |
| കരാറുകാരൻ | ഇബ്രാഹിംകുട്ടി (എസ്റ്റിമേറ്റ് ) |

| | |
|---|---|
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/m3- Cost Index 36.44% ) | (49.896 M3 * 360.75/m3) =17998.94/- |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 84.05/m3- Cost Index 36.44%) | (49.896m3 * 84.05/m3)=4193.75/- |
| അധികം നൽകിയ തുക | 13805.19/- (Ie13805.19+18% GST 16290/- |

2)

| | |
|---|---|
| പ്രൊജക്ട് | 28/23-പുല്ലാന്നൂർ കാട്ടിയം പാറ ഡ്രൈനേജ് |
| അടങ്കൽ/ ചെലവ് | 250000/249824 |
| കരാർ | 17/AE/LSGD/PKTR/2022-23 /17.12.2022 |
| ടി എസ് | 22687/2022/6.9.2022 |
| ബിൽ/വൗച്ചർ | 46/12.11.2022 |
| കരാറുകാരൻ | അബ്ദുൾ നാസർ |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/m3- Cost Index 36.44% ) | 15194/- (42.120m3 * 360.75/m3) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 84.05/m3- Cost Index 36.44%) | 3540.18/- (42.120m3 * 84.05/m3) |
| അധികം നൽകിയ തുക | 13750/- (Ie 11653+18% GST) 13750/- |

അധികം തുക നൽകാനിടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ തുക 30040/- ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/22-23 /24.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-41 കെട്ടിട നിർമ്മാണം ലക്ഷ്യം കൈവരിച്ചിട്ടില്ല

**നിർവ്വഹണോദ്യോഗസ്ഥൻ :അസി.എൻജിനിയർ**

താഴെപ്പറയുന്ന കെട്ടിടങ്ങൾ നിർമ്മണം പൂർത്തീകരിച്ച് ആയത് പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് /പേര് | അടങ്കൽ | ചെലവ് | വൗച്ചർനം/തീ |
|---|---|---|---|
| 1.248/23-ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 3500000 | 978779(ബ്ലോക്ക് പഞ്ചായത്ത്) | 81/22-23 /30.3.23 |
| 2.111/23-സ്മാർട്ട് അംഗനവാടി കെട്ടിടം | 3250000 | 1215063(ജില്ലാ പഞ്ചായത്ത്) | 16/22-23/5.1.23 |

അപാകതകൾ

1.പുതിയ കെട്ടിട നിർമ്മാണമായതിനാൽ സർക്കാർ നിർദ്ധേശ പ്രകാരമുള്ള പൂർണ്ണമായ ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല.

2.എഗ്രിമെന്റ് പ്രകാരമുള്ള തീയ്യതിക്കകം പദ്ധതി പൂർത്തീകരിച്ചിട്ടില്ല

3.പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

4.മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം:31/22-23/28.11.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-42 അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2022-23 വാർഷിക കണക്ക്, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഡ്വാൻസ് രജിസ്റ്റർ, 2021-22 വാർഷിക കണക്ക് എന്നിവ പ്രകാരം അവശേഷിക്കുന്ന ചുവടെ പറയുന്ന തുകകൾ 2022-23ലും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | 2022-23 വാർഷിക കണക്ക് പ്രകാരം അവശേഷിക്കുന്ന തുക | 2021-22 വാർഷിക കണക്ക് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | Advance To Beneficiary Committee Convenors | 5,89,308 | 5,89,308 |
| 2 | Advance To Other Authorised Agencies | 1,34,640 | 1,34,640 |
| 3 | Advance To Others | 36838 | 36838 |

2. Festival Advance ഇനത്തിൽ 2022-23 വാർഷിക കണക്ക് പ്രകാരം 72000 രൂപ തിരികെ ലഭ്യമാവാൻ അവശേഷിക്കുന്നുണ്ട്.

3. Advance To NREGA Administrative Expenses എന്ന ഇനത്തിൽ 2022-23 വാർഷിക കണക്ക് പ്രകാരം 13,84,393 രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
4.ഗുണഭോക്തൃ കമ്മറ്റികൾക്ക് നൽകിയ 5,89,308/-രൂപയുടെ വിശദ വിവരം , പൂർത്തീകരണ വിവരം, തുടർ നടപടി വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.
മേൽ തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും നാളിത് വരെയും ക്രമീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 220000 | 266/23 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 220000 | 0 |
| | 150000 | 267/23 സമഗ്ര നൽകൃഷി വികസനം | 150000 | 0 |
| | 1300000 | 167/23 ലൈഫ് ഭവന പദ്ധതി ജനറൽ | 1300000 | 0 |
| | 1040000 | 61/23 ലൈഫ് ഭവന പദ്ധതി (SC) അഡീഷണൽ | 1040000 | 0 |
| | 787660 | 228/23 ലൈഫ് ഭവന പദ്ധതി | 787660 | 0 |
| | 826200 | 42/23 ഭിന്നശേഷി സ്കോളർഷിപ്പ് | 826200 | 0 |
| | 978779 | 248/23 ബഡ്സ് സ്കൂൾ കെട്ടിട നിർമാണം | 978779 | 0 |
| | 150152 | 295/23 പാലിന് സബ്സിഡി | 150152 | 0 |
| | 700000 | 113/23 പിലാച്ചിക്കുളം സംരക്ഷണഭിത്തി നിർമാണം | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 298895 | 113/23 പിലാച്ചിക്കുളം സംരക്ഷണഭിത്തി നിർമാണം | 298895 | 0 |
| | 1215063 | 111/23 പപ്പാട്ടുങ്ങൽ സ്മാർട്ട് അംഗൻവാടി നിർമാണം | 1215063 | 0 |
| | 125000 | 322/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് | 125000 | 0 |
| | 275400 | 42/23 ഭിന്നശേഷി സ്കോളർഷിപ്പ് | 275400 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| അനർട്ട് | 328/23 ചെമ്പ്രമ്മൽ, കാരാപറമ്പ് അംഗൻവാടികളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 22150152000701570898/ 30-03-2023 | 506000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 506000 |
| ഭൂജല വകുപ്പ്(G.W.D) | 77/23പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ 14 കുഴൽ കിണറുകളുടെ നിർമ്മാണം തുക GWD അടവാക്കൽ | 22201209/31-03-2023, 55916/- 22200767/19-01-2023, 132937/- | 188853 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 188853 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 200/23 കക്കോടിമുക്ക് ഇലക്ട്രിസിറ്റി ത്രീഫേസ് ലൈൻ | 22200592/ 08-11-2022 | 49743 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 49743 |

| | | | | | | |
|---|---|---|---|---|---|---|
| | വലിക്കൽ | | | | | |
| | 85/23 സ്ട്രീറ്റ് മെെൻ സ്ഥാപിക്കൽ | 22201206/31-03-2023, 392141/- 22201208/31-03-2023, 49194/- | 441335 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 441335 |
| | 202/23, മുത്തങ്ങാട് ഇലക്ട്രിസിറ്റി ത്രീ ഫേസ് ലെെൻ വലിക്കൽ | 22200602/ 09-11-2022 | 149022 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 149022 |
| | 204/23 മാളിയേക്കൽ ആറ്റപ്പാറ ഇലക്ട്രിസിറ്റി ത്രീ ഫേസ് ലെെൻ വലിക്കൽ | 22200566/ 03.11.2023 | 49147 | 49147 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/ തിരിച്ചടവിന്റെ വിവരം

| ക്രമ നം | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം/തിയ്യതി | വായ്പ തുക (തൻവർഷം ലഭിച്ചത്) | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 0 | 1916890 | 993687 | - | 923203 |

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3149497 |
| തൻവർഷം നിക്ഷേപിച്ച തുക | 212591 |
| ആകെ | 3362088 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3362088 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം തിയതി. |
|---|---|---|
| വള്ളുവമ്പ്രം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -Ltd- No.F-1564 (Fixed Deposit) | 3362088 | R3796/22.06.22 |

കുറിപ്പ്- വർഷാന്ത്യത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപമായി ഷെഡ്യൂൾ B-12 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത് 3362088/- രൂപയാണ്. 2021-22 വാർഷിക കണക്ക് പ്രകാരം സ്ഥിര നിക്ഷേപമായി നീക്കിയിരിപ്പ് 2936594/- രൂപയാണ്. ഷെഡ്യൂൾ I-7 പ്രകാരം 2,35,346 രൂപയാണ് തൻ വർഷത്തിൽ പലിശയിനത്തിൽ വരവ് വന്നിട്ടുള്ളത്. ആയത് പ്രകാരം വർഷാന്ത്യത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം 3171940 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/28.11.2023) ബാങ്ക്

ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം നീക്കിയിരിപ്പ് 3362088/- രൂപയാണ് എന്നും വാർഷിക കണക്കിൽ വന്ന അപാകതകൾ 2023-24 വാർഷിക കണക്ക് സമർപ്പിക്കുമ്പോൾ ക്രമീകരിക്കുമെന്നും മറുപടി ലഭ്യമാക്കി. സ്ഥിര നിക്ഷേപം പുതുക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരമാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ്റിപ്പോർട്ട് വർഷം/ ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2013-14 | | 09-10, 10-11/ 3(21) | ലഘു അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2014-15 | | 2011-12/ 3(1) | നിഷ്ക്രിയാസ്തി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2016-17 | | 2014-15/ 2(3),2(1) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2016-17 | | 2015-16/ 2(2) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | RR ലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | | നമ്പറും തിയ്യതിയും | തുക | തുക | | | | | |
| 1 | 1998-99 | 57 (1)(2) | എ വി ചന്ദ്രൻ സെക്രട്ടറി | L.F2711/ Spl Cell/ SC5/04 Dtd.16.3.04 | 5941 | 5941 (70101/80 /14.6.12) | - | - | - | 5941 | 0 |
| 2 | 2004-05 | 3(3) 3(6) 3(9) | പി ബൈജു രാജൻ സെക്രട്ടറി | L.F19757/ Spl Cell/ SC5/09 Dtd 22.7.11 | 21537 | 21537 33/ 22.8.14 | DCRG യിൽ നിന്നും തുക | - | - | **21537** | **0** |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഈടാക്കി | | | | |
| 3 | 2000-01 | 35(2) 36(1)(2) 37(1)(2) 38(1)(2) 40 | ഒ. സുലൈമാൻ കുട്ടി എ.എ.ഇ | L.F19757/ Spl Cell/ SC5/04 Dtd.18.9.16 | 12121 | 12121 (5490/ 5,6,7, 8,9) | - | - | - | **12121** | **0** |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 161775397 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 152065656 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,93,852 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-21 | 2,70,000 | ശ്രീ സന്തോഷ് പി , വി ഇ ഒ |
| 1-22 | 7,79,375 | ശ്രീ അബ്ദുൾ റൗഫ് വി ഇ ഒ |
| 1-26 | 60,000 | ശ്രീ. ഷാഫി, ഹെഡ് മാസ്റ്റർ |
| 1-28 | 20,000 | ശ്രീമതി. ചന്ദ്രലേഖ പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 57,024 | ശ്രീമതി. സൽമാ ബീവി പി.എസ് ,സെക്രട്ടറി |
| 1-32-1 | 13,34,953 | ശ്രീമതി. സൽമാ ബീവി പി.എസ് ,സെക്രട്ടറി |
| 1-32-2 | 3,96,500 | ശ്രീമതി. സൽമാ ബീവി പി.എസ് ,സെക്രട്ടറി |
| 1-33 | 7,00,000 | ശ്രീമതി. സൽമാ ബീവി പി.എസ് ,സെക്രട്ടറി |
| 1-34 | 76,000 | ശ്രീ. ഷാജി. ആർ. എസ്, സെക്രട്ടറി |
| **ആകെ** | 36,93,852 | |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

ഇല്ല

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1994-95,1995-96 | കെ.എസ്.എ.എം.പി.എം27/1603/19(3) തീയതി.11.11.21 | 2 |
| 1998-99 | കെ.എസ്.എ.എം.പി.എം27/1603/19(2) തീയതി.11.11.21 | 11 |
| 1999-00 | കെ.എസ്.എ.എം.പി.എം27/1603/19(6) തീയതി.11.11.21 | 3 |
| 2001-02 | കെ.എസ്.എ.എം.പി.എം27/1603/19(5) തീയതി.11.11.21 | 4 |
| 2002-03 | കെ.എസ്.എ.എം.പി.എം27/1603/19 തീയതി.11.11.21 | 4 |
| 2003-04 | കെ.എസ്.എ.എം.പി.എം27/1603/19(4) തീയതി.11.11.21 | 12 |
| 2004-05 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(1) | 2 |
| 2005-06 | കെ.എസ്.എ.എം.പി.എം27/2114/22 (1)തീയതി.26.4.22 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം27/2114/22 (2)തീയതി.26.4.22 | 8 |
| 2008-09 | കെ.എസ്.എ.എം.പി.എം27/2114/22 (4)തീയതി.26.4.22 | 3 |
| 2009-10,2010-11 | കെ.എസ്.എ.എം.പി.എം27/2114/22 (5)തീയതി.26.4.22 | 11 |
| 2011-12 | കെ.എസ്.എ.എം.പി.എം27/2114/22 (6)തീയതി.26.9.22 | 4 |
| 2012-13 | കെ എസ് എ എം പി എം11/3563 /14തീയതി.22.9.15 | 16 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം27/2150/18 തീയതി.07.09.18 | 13 |
| 2015-16 | കെ.എസ്.എ.എം.പിഎം27/3008/16 തീയതി.6.2.17 | 14 |
| 2016-17 | കെ എസ് എ എം പി എം27/2012/17 തീയതി.07.07.18 | 13 |
| 2017-18 | കെ എസ് എ എം പി എം27/1933/2018 തീയതി.30.07.19 | 9 |
| 2018-19 | കെ എസ് എ എം പി എം27/2573/2019 തീയതി.5.08.2020 | 12 |
| 2019-20 | കെ എസ് എ എം പി എം27/592/2021 തീയതി.20.04.2022 | 10 |
| 2020-21 | കെ എസ് എ എം പി എം27/1074/2022 തീയതി.20.10.2022 | 9 |
| 2021-22 | കെ എസ് എ എം പി എം27/3038/2022 തീയതി.8.5.2023 | 23 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 31-07-2023 and submitted on 31-10-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pookkottur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pookkottur Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pookkottur Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.

   i. Ratios
   ii. Notes on accounts
   iii. Comparative amounts

2.Asset register is not up to date and is not reliable for audit.

3. Calculation sheet of depreciation not produced for verification.

4. Cashflow statement - Net increase in cashflow does not match with the difference between the opening balance and

closing balance of cash and cash equivalents.

5. Investment-Mismatch with AFS.
6. Receipt accounted in wrong account head. (MGNREGS)
7. Mismatch in the passbook closing balance as per reconciliation statement/AFS.
8. Permit, License, Rent Registers are not up to date and are not reliable for audit.
9. Mismatch in the closing balance as per trial balance and balance sheet.
10. Payments accounted in wrong account head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്